പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 633 — 13.6.2012 ൽ മറുപടിക്ക്

സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം അസഹ്യമാകുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാരായ രോഗികളെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ മരുന്നിന് വില കൂട്ടി വിറ്റാൽ നടപടി എടുക്കുന്നുണ്ട്. കൂടാതെ പൊതുജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി മാവേലി, നീതി മെഡിക്കൽ സ്റ്റോർ, കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി എന്നീ പേരുകളിൽ സർക്കാർ ചില്ലറ മരുന്ന് വിൽപ്പന ശാലകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ മരുന്നുകൾ ന്യായവിലയ്ക്ക് നൽകുന്നുണ്ട്. നിലവിൽ മെഡിക്കൽ ലാബുകളെ നിയന്ത്രിക്കാൻ നിയമമില്ല. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ ലാബുകളുടെ ചൂഷണം നിയന്ത്രിക്കാൻ കഴിയും. |
| (ബി) ഇത്തരം സ്ഥാപനങ്ങൾ നൽകുന്ന മരുന്നുകളുടേയും സേവനങ്ങളുടെയും വില നിശ്ചയിക്കപ്പെടുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ; ഈ വില നിർണ്ണയത്തിൽ സർക്കാരിന് എന്തെങ്കിലും പങ്കുണ്ടോ; | (ബി) മരുന്നുകളുടെ വില നിശ്ചയിക്കുന്നതിൽ സംസ്ഥാന സർക്കാരിന് പങ്കില്ല. മരുന്നുകളുടെ വില പൊതുവിപണിയിൽ നിയന്ത്രിച്ചു നിർത്തുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള എൻ.പി.പി.എ (National Pharmaceutical Pricing Authority) ആണ്. രാജ്യത്ത് 74 ഇനം മരുന്നുകളുടേയും അവയുടെ കോമ്പിനേഷനുകളുടേയും വിലകൾ മാത്രമാണ് എൻ.പി.പി.എ നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളത്. ബാക്കിയുള്ള മരുന്നുകളുടെ വിലയിൽ ഇപ്പോൾ നിയന്ത്രണം ഇല്ല. NPPA നിശ്ചയിച്ചുറപ്പിച്ച വിലയേക്കാൾ 10% കൂടുതൽ ഈടാക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിവരം NPPA യെ അറിയിക്കുന്നുണ്ട്.<br>ലാബുകളുടെ സേവനങ്ങൾക്ക് വില നിശ്ചയിക്കപ്പെട്ടിട്ടില്ല. |
| (സി) ലാബുകളുടെ പരിശോധനാഫലങ്ങളുടെ സ്വീകാര്യതയുടെ പേരിൽ വിവിധ ലാബുകളിൽ മാറിമാറി ഒരേ ടെസ്റ്റുകൾ നടത്താൻ ചില ഡോക്ടർമാർ നിർദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പാവപ്പെട്ട രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ